ഉവൈദ്യുതീകരിക്കുക, കേരളത്തിലെ റെയിൽവേ കോച്ചുകളുടെ ക്ഷാമം പരിഹരിക്കുക, ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ലെവൽ ക്രോസ്സുകൾ മാറ്റി റെയിൽവേ ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കുക, കോച്ചു ഫാക്ടറി സ്ഥാപിക്കുക, പഴയ റെയിൽപ്പാതകൾ മാറ്റി പുതിയവ സ്ഥാപിക്കുക തുടങ്ങിയവയാണ് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ള കാര്യങ്ങൾ.

(ബി) ഉണ്ട്.

(സി) കേരളത്തിലെ പ്രധാന റെയിൽവേ സ്റ്റേഷനുകൾ നവീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എറണാകുളത്ത് ജി.സി.ഡി.എ.യുടെ സഹായത്തോടുകൂടി കർഷക റോഡ് സൈഡിൽ ഒരു ടെർമിനലും, തിരുവനന്തപുരത്ത് പവർഹൗസ് റോഡ് സൈഡിൽ ഒരു ടെർമിനലും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു.

(ഡി) ഉണ്ട്. ഈറോഡ്-എറണാകുളം, എറണാകുളം-തിരുവനന്തപുരം, ഷൊർണ്ണൂർ-കാസർഗോഡ് റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം നടപ്പിലാക്കുക, അങ്കമാലി ശബരിമല ലൈൻ പുനലൂർ വരെ നീട്ടുക, കൊല്ലം ചെങ്കോട്ട റെയിൽവേ ലൈൻ ബ്രോഡ്ഗേജാക്കുക എന്നീ കാര്യങ്ങളിൽ നടപടികൾ ത്വരിതപ്പെടുത്തണമെന്നുമാണ് കേന്ദ്രത്തോട് വീണ്ടും ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ.

(ഇ) കേരളത്തോട് കേന്ദ്രത്തിന്റെ പ്രതികരണം താരതമ്യേന ഭേദമായിരുന്നു. നടപ്പുവർഷത്തെ റെയിൽവേ ബഡ്ജറ്റിൽ 197.64 കോടി രൂപ കേരളത്തിന് വകകൊള്ളിച്ചിട്ടുണ്ട്.

17 (*223) സംയുക്താഭിമുഖ്യത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെയും ഫാമിംഗ് കോർപ്പറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്ലാന്റേഷൻ കോർപ്പറേഷന്റെയും ഫാമിംഗ് കോർപ്പറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വ്യവസായത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ എവിടെ നിന്നെല്ലാം ലഭ്യമാക്കാനാണ് പദ്ധതി ഇട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ റബ്ബർ കർഷകരിൽ നിന്നും വ്യവസായത്തിനാവശ്യമായ റബ്ബർ സംഭരിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റിൽ പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെയും സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെയും ആഭിമുഖ്യത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ പദ്ധതി ഉണ്ട്.

(ബി) പ്രകൃത്തിദത്തമായ റബ്ബറിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുകയും മൂല്യവർദ്ധനയുള്ള വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് റബ്ബർ പ്ലാന്റേഷനിൽ ഏർപ്പെട്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ റബ്ബറിന്റെ വിലയിടിവിൽ നിന്നും ഒരു പരിധിവരെ രക്ഷിക്കുകയുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇവരുൽപ്പാദിപ്പിക്കുന്ന റബ്ബർ വിപണിയിലെത്താതിരുന്നാൽ പൊതു വിപണിയിൽ റബ്ബർ വിലയിടിയാതിരിക്കുവാൻ സഹായകമാവും.

(സി) പത്തനാപുരം താലൂക്കിലാണ് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. പ്ലാന്റേഷൻ കോർപ്പറേഷൻ ഇതിന് ഏറ്റവും അനുയോജ്യമായ സ്ഥലം അന്വേഷിച്ചുവരുന്നു.

(ഡി) മുഖ്യമായും വേണ്ടത്ര സ്വാഭാവിക റബ്ബർ കോർപ്പറേഷനുകളുടെ തോട്ടങ്ങളിൽനിന്നും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) കോർപ്പറേഷന്റെ വക തോട്ടങ്ങളിലെ റബ്ബർ തികയാതെ വരികയാണെങ്കിൽ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ വക തോട്ടങ്ങളിൽ നിന്നും കേരളത്തിലെ സ്വകാര്യ റബ്ബർ കർഷകരിൽ നിന്നും സംഭരിക്കുന്നതാണ്.

(എഫ്) സ്റ്റേറ്റ് ഫാമിംഗ് കോർപ്പേറേഷൻ ആരംഭിക്കാനുദ്ദേശിക്കുന്ന റബ്ബറധിഷ്ഠിത ഫാക്ടറിയിൽ പ്രത്യക്ഷമായി 69 പേർക്കും പരോക്ഷമായി അൻപതോളം പേർക്കും പ്ലാന്റേഷൻ കോർപ്പറേഷൻ ആരംഭിക്കാനുദ്ദേശിക്കുന്ന യൂണിറ്റിൽ 156 പേർക്ക് നേരിട്ടും ഉദ്ദേശം 150 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാവുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

18 (*224) പണമിടപാടു സ്ഥാപനങ്ങളുടെ പ്രവർത്തനം

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ ബാങ്കുകൾ, ദേശസാൽക്കൃത ബാങ്കുകൾ, സർക്കാർ ബാങ്കുകൾ തുടങ്ങിയ ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് പുറമേ പ്രവർത്തിച്ചുവരുന്ന പതിനായിരക്കണക്കിന് പണമിടപാട് സ്ഥാപനങ്ങളെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും സർക്കാരിന്റെ കൈവശം ലഭ്യമാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഭൂരിപക്ഷവും "ബ്ലേഡ് കമ്പനി" കളായാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയ്ക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly